LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറി ഇറക്കുമതിയും ജൈവപച്ചക്കറി കൃഷിയും

201 (1674) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം എത്ര ടൺ പച്ചക്കറിയാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു വർഷം പച്ചക്കറി ഇറക്കുമതിയിൽ കുറവ് വന്നിട്ടുണ്ടോ;

(സി) ജൈവപച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകിയതിന്റെ ഭാഗമായി പച്ചക്കറിയുടെ ഉത്പാദനം എത്ര ടണ്ണാണ് വർദ്ധിച്ചിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തിയതിനെ തുടർന്ന് ചെക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ടോ;

(ഇ) എത്ര കേസുകളാണ് ഇതിനെതിരെ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇറക്കുമതിയുടെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

(ബി) നടപ്പുവർഷം പച്ചക്കറി ഇറക്കുമതിയിൽ കുറവ് ഉള്ളതായി ഹോർട്ടികോർപ്പ് അറിയിച്ചിട്ടുണ്ട്.

(സി) ജൈവപച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നൽകി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതിലൂടെ 2013-14-ലെ പച്ചക്കറി ഉല്പാദനത്തെ അപേക്ഷിച്ച് 2014-15-ൽ പച്ചക്കറി ഉല്പാദനം 1,39,363 ടൺ കൂടുതൽ വർദ്ധിച്ചിട്ടുണ്ട്.

(ഡി-എഫ്) അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിൽ വിഷാംശം കണ്ടെത്തിയതിനെ തുടർന്ന് ചെക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നത് ഭക്ഷ്യ സുരക്ഷാ വിഭാഗം മുഖേനയാണ്. ഇതുസംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

ധർമ്മടം മണ്ഡലത്തിൽ നടപ്പിലാക്കിയ കാർഷിക പദ്ധതികൾ

202 (1675) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

നെൽകൃഷി ലാഭകരമാക്കൽ

203 (1676) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ലാഭകരമല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരെ പ്രസ്തുത മേഖലയിൽത്തന്നെ നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കർഷകർക്ക് നൽകിവരുന്ന ഉല്പാദന ബോണസ് ഇരട്ടിയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽകർഷകരെ നെൽകൃഷി മേഖലയിൽ നിലനിർത്തുന്നതിനും, സഹായിക്കുന്നതിനുമായി 2015-16 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

- സുസ്ഥിര നെൽകൃഷി വികസനം: നെൽകൃഷി കൂടുതൽ ലാഭകര മാക്കുന്നതിനും ഉല്പാദനചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10,800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6,000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കിവരുന്നു.
- വികസന ഏജൻസികൾക്കുള്ള ഫണ്ട് : നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly